# STD - XII

## അദ്ധ്യാപക സഹായി (MODEL -II)

## പാഠം - ഏഴ് ഭാഗം - ഒന്ന്

## മരണവും മരണാനന്തരജീവിതവും

**Note:-** കുട്ടികളെ ചെറിയ ഗ്രൂപ്പായി തിരിച്ചുവേണം ക്ലാസ് എടുക്കാൻ
(പാഠഭാഗം - പേജ്: 147-158)

### ലക്ഷ്യം

കുട്ടികളുടെ ഉള്ളിൽ വയ്ക്കേണ്ട ധാരണകൾ

a) മർത്യൻ എന്നാൽ മരണം ഉള്ളവൻ അഥവാ മരിക്കേണ്ടവൻ എന്നാണ്. കുബേരൻ എന്നോ കുചേലനെന്നോ വ്യത്യാസം ഇല്ലാതെ എല്ലാവരും മരണത്തിന് വിധേയരാണ്.

b) തുടക്കമുള്ള എന്തിനും ഒരു ഒടുക്കവും ഉണ്ട്. നമ്മിലെ ഭൗതികതയ്ക്ക് തുടക്കമുള്ളതാണ്. അതിനാൽ അതിന് അവസാനം ഉണ്ടാവും. പക്ഷേ ആദിയും അന്തവും ഇല്ലാത്ത ദൈവത്തിന്റെ ഛായയും സാദൃശ്യവുമായി നമ്മിൽ അവശേഷിക്കുന്നതെല്ലാം അവസാനിക്കാതെ നിത്യമായി നിലനിൽക്കണം.

c) സുകൃത ജീവിതം കൂടാതെയുള്ള മരണമാണ് ഒരു മനുഷ്യന് അഭിമുഖീകരിക്കേണ്ടിവരുന്ന ഏറ്റവും വലിയ ദുഃഖം. മർത്യതയെ പറ്റിയുള്ള സ്മരണജീവിതം ശരിയായ രീതിയിൽ നയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു.

d) ലൗകിക ജീവിത്തിനപ്പുറം ഒരു ജീവിതം ഉണ്ടെന്നും ദൈവത്തോടുള്ള വാസമാണ് മനുഷ്യന്റെ ആത്യന്തികലക്ഷ്യം എന്നും സുകൃത ജീവിതം നമ്മെ അതിന് അർഹരാക്കുന്നു എന്നും വിവിധ മതങ്ങൾ പഠിപ്പിക്കുന്നു.

e) മരിച്ചവർ കുഴിമാടങ്ങളിൽ വസിക്കുന്നു എന്നാണ് ആദ്യകാലങ്ങളിൽ യഹൂദർ കരുതിപോന്നത്. മരിച്ചവർക്ക് പാതാളം എന്ന പൊതുവായ ഒരു ഇടമുണ്ടെന്ന് പിന്നീട് വിശ്വസിച്ചു തുടങ്ങി. ജീവിതത്തിലെ നന്മതിന്മകൾ അനുസരിച്ച് നീതിമാനായ ദൈവം പ്രതിഫലം നൽകുമെന്ന് ചിന്ത തുടങ്ങിയത് ബിസി ആറാം നൂറ്റാണ്ടോടെയാണ്. യഹൂദ വിശ്വാസപ്രകാരം നരകം നിത്യമല്ല, ഒരു ശുദ്ധീകരണസ്ഥലം മാത്രമാണ്. മനുഷ്യാത്മാവ് അനശ്വരമാണെന്നും ഉത്ഥാനം ഉണ്ടെന്നും യഹൂദർ വിശ്വസിക്കുന്നു.

f) എല്ലാ സുവിശേഷകരും സാക്ഷ്യം വഹിക്കുന്ന ക്രിസ്തുവിന്റെ തിരുവുത്ഥാനത്തോടെ ഉത്ഥാനവും മരണാനന്തര ജീവിതവും ക്രൈസ്തവ വിശ്വാസത്തിന്റെ കേന്ദ്ര സത്യങ്ങളായി. യേശുവിന്റെ പ്രബോധനങ്ങളിലും സഭയുടെ ആരാധനക്രമത്തിലും ഉടനീളം ഈ സത്യം കാണാനാവും.

g) യേശുവിന്റെ മരണത്തോടെയാണ് മരണമെന്ന യാഥാർത്ഥ്യത്തിന് ഉൽകൃഷ്ടമായ അർത്ഥവും വ്യാപ്തിയും കൈവന്നത്. ലോകപാപങ്ങൾ തന്നിൽ സംവഹിച്ച ബലിവസ്തുവായ ക്രിസ്തുനാഥൻ പാപത്തിന്റെ ഫലങ്ങളും സ്വയം ഏറ്റെടുത്തു. അവി

ടുത്തെ ഉത്ഥാനമാണ് അവിടത്തെ മരണം അർത്ഥപൂർണ്ണം ആക്കുന്നത്. ജീവിക്കുന്നവരുടെയും മരണമടഞ്ഞവരുടെയും കർത്താവായിരിക്കുന്നതിലാണ് അവിടുന്ന് മരിച്ചതും ഉത്ഥാനം ചെയ്തതും. അതുകൊണ്ടുതന്നെ ഒരു ക്രൈസ്തവനെ സംബന്ധിച്ച് ജീവിതവും മരണവും ഒന്നുപോലെ അനുഗ്രഹമാണ്.

h) ലാസറും നായിമിലെ വിധവയുടെ പുത്രനും ജായ്റോസിന്റെ പുത്രിയുമെല്ലാം പുനരുജ്ജീവിപ്പിക്കപ്പെടുകയായിരുന്നു. അതിനാൽ വീണ്ടു അവർ മരണത്തിന് വിധേയരായി. എന്നാൽ ക്രിസ്തുവിന്റേത് ഉത്ഥാനമാണ്. പ്രാപഞ്ചികതലത്തിൽനിന്ന് ദൈവികതലത്തിലേക്കുള്ള പ്രവേശനമാണ്.

i) ശൂന്യമായ കല്ലറ, കല്ലറയിൽ കണ്ട യേശുവിനെ ചുറ്റിയിരുന്ന ശീല ഉത്ഥാനശേഷമുള്ള പ്രത്യക്ഷീകരണങ്ങൾ, ശിഷ്യന്മാരുടെ രൂപാന്തരീകരണം (മരണഭയം നീങ്ങി യേശുവിനുവേണ്ടി മരിക്കാൻ പോലും തയ്യാറായി).

പഴയനിയമത്തിലെ പുനരുദ്ധാന വിശ്വാസം പുതിയനിയമം അംഗീകരിക്കുന്നുണ്ട്. പക്ഷേ അത് ക്രിസ്തുവിന്റെ ഉത്ഥാനത്തോടെ വികാസം പ്രാപിക്കുകയും ചെയ്യുന്നു.

j) അശുദ്ധമായ ഒന്നിനും പരമ പരിശുദ്ധന്റെ സന്നിധിയിൽ നിൽക്കാൻ ആവില്ല. അതിനാൽ മോചിക്കപ്പെടാത്ത ലഘുപാപങ്ങളും ക്ഷമിക്കപ്പെട്ട പാപങ്ങളുടെ കടവും അവ നമ്മിൽ ഏൽപ്പിച്ച കറകളും മരണശേഷം ശുദ്ധീകരിക്കപ്പെടണം. അതിനാണ് ശുദ്ധീകരണസ്ഥലം. അവിടെ കഴിയുന്ന ആത്മാക്കളെ സ്നേഹത്തോടെ ഓർക്കാനും അവർക്കായി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിക്കാനും ദാനധർമ്മങ്ങളും പരിഹാര പ്രവൃത്തികളും അവർക്കായി കാഴ്ചവയ്ക്കാനും നമുക്ക് കഴിയും.

k) പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറയുന്നവരോട് ഈ യുഗത്തിലോ, വരും യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ല എന്ന് യേശു പഠിപ്പിക്കുന്നു. ഇതിൽനിന്നും മനസ്സിലാകുന്നത്, പരിശുദ്ധാത്മാവിനെതിരെയുള്ള ചില കുറ്റങ്ങൾ ക്ഷമിക്കപ്പെടുമെന്നാണ്. അപ്പോൾ ശുദ്ധീകരണസ്ഥലം ഉണ്ടെന്ന് ചുരുക്കം.

l) ഭൂമിയിൽ മനുഷ്യന്റെ വിധികൾ പരിമിതങ്ങളും, അപക്വങ്ങളും, സത്യവിരുദ്ധങ്ങളും ആകാൻ ഇടയുള്ളതിനാൽ മരണാനന്തര ജീവിതത്തിൽ വസ്തുനിഷ്ഠവും പരിപൂർണവുമായ ഒരു വിധിയും പ്രതിഫലവും എന്തുകൊണ്ടും ന്യായമാണ്. വിധി രണ്ടു വിധം തനത് വിധി, പൊതുവിധി. മരിച്ചാൽ ഉടനെയുള്ള വിധി (താലന്തിന്റെ ഉപമ, ലാസറിന്റെയും ധനവാന്റെയും ഉപമ തനത് വിധിക്ക് ഉദാഹരണം). ലോകാവസാനത്തെയും പൊതുവിധിയും പറ്റി സുവിശേഷങ്ങൾ പരാമർശിക്കുന്നുണ്ട്. 10 കന്യകകളുടെ ഉപമ, വിധിയാളനായ രാജാവിന്റെ ഉപമ, വെളിപാട് പുസ്തകത്തിൽ പറയുന്ന സിംഹാസനത്തിനു മുമ്പിൽ നിൽക്കുന്ന വലിയവരും, ചെറിയവരുമായ മരിച്ചവർ എന്നിവ പൊതുവിധിക്ക് ഉദാഹരണങ്ങളാണ്.

## കുട്ടികളിൽ രൂപപ്പെടേണ്ട മനോഭാവം

a) തുടക്കമുള്ള എന്തിനും ഒരു ഒടുക്കം ഉണ്ടെന്നുള്ള അടിസ്ഥാന സത്യത്തെ അംഗീകരിക്കാനും നിരാശ നിറഞ്ഞതല്ല സുകൃതസമ്പന്നമായ ജീവിതം നൽകുന്ന പ്രത്യാശ

നിറഞ്ഞ അന്ത്യത്തിനായി ഒരുങ്ങാനുമുള്ള മനോഭാവം.

b) മരണം നിശ്ചയമെങ്കിലും അത് ജീവിതത്തിന്റെ അവസാന വാക്കല്ല. നിത്യജീവിതത്തിന്റെ ഫലം കൊയ്യാനുള്ള വിധിയാണെന്ന് കർത്താവിന്റെ ജീവിതവും പ്രബോധനവും മരണവും ഉയിർപ്പും ധ്യാനിച്ച് ബോധ്യപ്പെടാനുള്ള മനോഭാവം.

c) ശുദ്ധീകരണസ്ഥലത്ത് വേദനിക്കുന്ന സഹോദരങ്ങൾക്കായി തിരുബലിയും പരിത്യാഗപ്രവൃത്തികളും കാഴ്ചവയ്ക്കാനുള്ള മനോഭാവം.

## പഠനസഹായികൾ

* അന്ത്യമൊഴി ക്വിസ്.
* CCC - 1021, 1023, 1030, 1033, 1038

## പാഠത്തിന്റെ ഉള്ളടക്കം

* എസേ. 37:1-14 (അസ്ഥികളുടെ താഴ്‌വര) വായിക്കാൻ ആവശ്യപ്പെടുന്നു.
* പേജ് 148 മുതൽ 150ന്റെ പകുതിവരെ ഗ്രൂപ്പ് തിരിഞ്ഞ് 5 മിനിറ്റുകൊണ്ട് വായിച്ച ശേഷം പ്രവർത്തനം ഒന്നിലെ ലോകശ്രദ്ധ പിടിച്ചുപറ്റിയ ഏതാനും ചിലരുടെ അന്തിമാമൊഴികൾ അഞ്ചുമിനിറ്റുകൊണ്ട് വായിച്ചു പരിചയപ്പെടാൻ ആവശ്യപ്പെടുന്നു. തുടർന്ന് ഓരോ ഗ്രൂപ്പിലെയും ലീഡർ മാത്രം ബുക്ക് തുറന്നു ഓരോ വാക്യവും വായിക്കുന്നു. മറ്റുള്ളവർ ആരുടേതാണ് ആ മൊഴികൾ എന്നു പറയണം. പിന്നീട് എല്ലാ ഗ്രൂപ്പുകളിലെയും ഏറ്റവും കൂടുതൽ ശരിയുത്തരം പറയുന്നവർ ഒന്നുചേർന്ന് നിൽക്കുന്നു. ടീച്ചർക്കായി ഓരോ മൊഴിയും വായിക്കുന്നു. ഓരോ പ്രാവശ്യം പേപ്പറിൽ എഴുതണം. മറ്റുള്ളവർ അത് ഓരോ പ്രാവശ്യവും പരിശോധിച്ച് പോയിന്റ് പറയുന്നു.

## പ്രാർത്ഥന

കർത്താവായ ദൈവമേ, സുകൃതജീവിതം നയിച്ചുകൊണ്ട് മരണത്തെ കൈവരിക്കുവാനുള്ള കൃപാവരം നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ (Assignment)

1. ശുദ്ധീകരണസ്ഥലം ഉണ്ട് എന്നുള്ളതിന് പിന്നിലെ യുക്തി എന്താണ്?
2. ശുദ്ധീകരണസ്ഥലം എന്നതിന്റെ നിർവചനം എന്താണ്?
3. ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ച് മൂന്ന് വിശുദ്ധർ നൽകുന്ന കാഴ്ചപ്പാട് എന്താണ്?
4. ശുദ്ധീകരണസ്ഥലത്തെ സംബന്ധിച്ചുള്ള തിരുവചന അടിത്തറ എന്താണ്?
5. മരണാനന്തര വിധി ഉണ്ട് എന്നതിന് പിന്നിലെ യുക്തി എന്താണ്?
6. തനത് വിധി എന്നാൽ എന്താണ്? ഉദാഹരണങ്ങൾ നൽകുക.
7. പൊതുവിധി എന്നാൽ എന്താണ്? വിശുദ്ധഗ്രന്ഥത്തിൽനിന്നും ഉദാഹരണങ്ങൾ നൽകുക.

# STD - XII

## അദ്ധ്യാപക സഹായി (MODEL -II)

## പാഠം - ഏഴ് ഭാഗം - രണ്ട്

## മരണവും മരണാനന്തരജീവിതവും

**Note:-** കുട്ടികളെ ചെറിയ ഗ്രൂപ്പായി തിരിച്ചുവേണം ക്ലാസ് എടുക്കാൻ (പാഠഭാഗം - പേജ്: 159-169)

### ലക്ഷ്യം

കുട്ടികളുടെ ഉള്ളിൽ വയ്ക്കേണ്ട ധാരണകൾ

a) പുസ്തകത്തിൽ നൽകിയിരിക്കുന്ന സ്വർഗ്ഗത്തിന്റെ നിർവചനം മത്തായി. 25:34, CCC-1028 എന്നിവ

b) യേശു ആയിരുന്നത് സ്വർഗത്തിൽ (യോഹ. 1:1-2; 1:18; 17:5) യേശുവന്നത് സ്വർഗത്തിൽ നിന്ന്. (യോഹ. 3:13, 6:33-51) യേശുവിന്റെ ദൈവികതയ്ക്ക് സാക്ഷ്യം ലഭിക്കുന്നത് സ്വർഗത്തിൽനിന്ന് (മത്താ. 3:16-17, 17:5, ലൂക്ക. 22:43) യേശു മടങ്ങിപ്പോയത് സ്വർഗത്തിലേക്ക് (മർക്കോ. 16:19)

c) ദൈവസ്നേഹവും പരസ്നേഹവും ജീവിക്കുന്നവർ മരണാനന്തരം ദൈവത്തെ ദർശിച്ച് ആനന്ദിക്കുന്ന അവസ്ഥയാണ് സ്വർഗം.

d) യേശുവിന്റെ സ്വർഗ്ഗാരോഹണവും (മത്താ. 16:19, ലൂക്കാ. 24:50,51, അപ്പ. 1:6-11) മറിയത്തിന്റെ സ്വർഗ്ഗാരോപണവും സ്വർഗാനുഭവം നമുക്കും സാധ്യമായ ഒന്നാക്കുന്നു.

e) സ്വർഗ്ഗ സൗഭാഗ്യത്തിന്റെ രഹസ്യാത്മകത തിരുവചനം വ്യക്തമാക്കുന്നു. (2 കൊറി. 2:12, റോമ. 8:18).

f) ശുദ്ധീകരണം ആവശ്യമില്ലാത്ത എല്ലാ ആത്മാക്കളും ആവശ്യമെങ്കിൽ അത് കഴിഞ്ഞവരും സകല സ്വർഗ്ഗനിവാസികളോടും കൂടെ ത്രിതൈ്വക ദൈവത്തെ മുഖാമുഖം ദർശിക്കുന്നു എന്ന സത്യം വ്യത്യസ്തമായ രീതിയിൽ സഭാ പിതാക്കന്മാരും സഭാ കൗൺസിലുകളും പഠിപ്പിക്കുന്നു.

g) ദിവ്യബലിയിലുള്ള പങ്കാളിത്തം, പരിശുദ്ധ കന്യകയോടുള്ള ഭക്തി എന്നിങ്ങനെ സൗഭാഗ്യപൂർണമായ മരണത്തിന് നിരന്തരം അവലംബിക്കേണ്ട മാർഗങ്ങൾ.

h) ദുഷ്ടന്മാർ തങ്ങളുടെ ദുഷ്ടതയ്ക്കുള്ള ശിക്ഷയായി മരണാനന്തരം പീഡയനുഭവിക്കുന്ന അവസ്ഥയാണ് നരകം എന്നുള്ളതാണ് പല മതങ്ങളുടെ പഠനം. ആധുനിക യഹൂദ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ നരകം താൽക്കാലിക ശിക്ഷയുടെ സ്ഥലമായ ശുദ്ധീകരണസ്ഥലമാണ്.

i) മരിച്ചവർ ചെളിയും പുഴുവും നിറഞ്ഞ അന്ധകാരത്തിന്റെയും പീഡകളുടെയും സ്ഥലമായ ഷെയോളിലേക്ക് ഒരിക്കലും തിരിച്ചുവരാൻ ആവാത്തവിധം പോകുന്നു എന്ന്

ആദ്യം യഹൂദർ വിശ്വസിച്ചുപോന്നു. പിന്നീട് ഈ കാഴ്ചപ്പാടിന് മാറ്റം സംഭവിച്ചു. ദുഷ്ട ന്മാർ പീഡനങ്ങളുടെ സ്ഥലമായ ഗേഹന്നയിലേക്കും നല്ലവർ പറുദീസയിൽ പുനരുത്ഥാനം കാത്ത് അബ്രാഹത്തിന്റെ മടിയിലേക്കും പോകുന്നു.

j) പുതിയനിമയം കൂടുതൽ വ്യക്തമായി നരക്കത്തപ്പറ്റി പഠിപ്പിക്കുന്നു. കളകളുടെ ഉപമ, വലകളുടെ ഉപമ, വിവാഹ വിരുന്നിന്റെ ഉപമ, കന്യകമാരുടെ ഉപമ, താലന്തുകളുടെ ഉപമ എന്നിവ വിലാപവും പല്ലുകടിയും, എരിയുന്ന തീ എന്നീ പ്രയോഗങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അന്ത്യവിധിയെ പറ്റിയുള്ള പ്രതിപാദനങ്ങളാണ്. മത്താ. 5:22, 29, വെളി. 20:14, റോമ. 2:8, ഹെബ്രാ. 10:27, ലൂക്ക. 16:22,23 എന്നിവയിൽ നരകത്തെപ്പറ്റിയുള്ള പരാമർശങ്ങൾ ഉണ്ട്.

k) ഹിന്നോം എന്ന പദത്തിൽനിന്ന് ഉത്ഭവിച്ച ഗേഹന്ന എന്ന വാക്കാണ് നരകം എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. ഹിന്നോം നരബലി കഴിപ്പിച്ചിരുന്ന ഇടമായി അറിയപ്പെട്ടിരുന്ന ഈ സ്ഥലം പിന്നീട് എല്ലാവരാലും വെറുക്കപ്പെട്ട ഇടമായി. പിന്നീട് ചപ്പുചവറുകൾ കൂട്ടിയിട്ട് കത്തിക്കുന്ന, എന്നും തീയും പുഴുക്കളും ഉള്ള ഇടമായി. പിന്നീട് പുഴുക്കളും ഒടുങ്ങാത്ത അശുദ്ധിയുടെ പ്രതീകമായ ഗേഹന്ന/നരകം എന്നത് പ്രയോഗത്തിൽ വന്നു.

l) കിസ്തുവിന്റെ തിരുവുത്ഥാനം, മരണത്തിന്റെ മേലുള്ള പരിപൂർണ വിജയം ആയതിനാൽ വിശ്വാസിയായ മനുഷ്യന് മരണം നിത്യജീവിതത്തിലേക്കുള്ള ഒഴിച്ചുകൂടാൻ ആവാത്ത കവാടമാണ്. ഒരു മരം എങ്ങോട്ട് ചാഞ്ഞു വളരുന്നുവോ അങ്ങോട്ടുതന്നെ അത് വീഴുകയുള്ളൂ എന്നതുപോലെ ദൈവത്തോടുള്ള പരിപൂർണ്ണ ആഭിമുഖ്യത്തിൽ വളരുന്ന വ്യക്തി മരണത്തിലൂടെ അവിടുന്നിൽത്തന്നെ എത്തിച്ചേരുന്നു.

## കുട്ടികളിൽ രൂപപ്പെടേണ്ട മനോഭാവം

a) യേശു തന്റെ പ്രബോധനം ജീവിതം, മരണം, പുനരുത്ഥാനം എന്നിവയിലൂടെ സത്യമാണെന്ന് ബോധ്യപ്പെടുത്തിയ സ്വർഗ്ഗത്തിൽ വിശ്വസിക്കുവാനും അവിടെ എത്തിച്ചേരാൻ അവിടുന്ന് കൽപ്പിച്ചവ അനുസരിക്കാനും, അനുസരിക്കാൻ മറ്റുള്ളവരെ പഠിപ്പിക്കുവാനുള്ള മനോഭാവം.

b) സ്വർഗ്ഗം പോലെതന്നെ ശുദ്ധീകരണസ്ഥലവും നരകവും അന്ത്യവിധിയും ഉണ്ടെന്ന വസ്തുതകൾ അംഗീകരിക്കാനും മരണം നിത്യതയിലേക്കുള്ള കവാടമായതിനാൽ ജീവിതാനന്തരം നിത്യസൗഭാഗ്യത്തിൽ പ്രവേശിക്കാൻ പാകത്തിൽ ജീവിതത്തെ പുണ്യപൂർണ്ണമായി ക്രമീകരിക്കാനുമുള്ള മനോഭാവം.

## പഠനസഹായികൾ

* സ്വർഗ്ഗത്തെയും നരകത്തെയും പ്രതിപാദിക്കുന്ന വീഡിയോകൾ.
* സ്വർഗ്ഗ സൗഭാഗ്യ നറുക്കെടുപ്പ് എന്ന പ്രവർത്തനം.

## പാഠാവതരണം

* നമ്മൾ ജീവിതത്തിൽ നീതി, സമാധാനം, സന്തോഷം, സംതൃപ്തി എന്നിവ വിവിധ തീവ്രതയിൽ അനുഭവിക്കാറുണ്ട്. പക്ഷേ അവ അനുഭവിക്കുമ്പോൾ തന്നെ നമുക്കറിയാം നമ്മൾ അനുഭവിച്ചതിലും വലിയ ഒന്നിനുവേണ്ടി നമ്മിൽ ദാഹം ബാക്കി നിൽക്കുന്നുണ്ടെന്ന്. സ്വർഗ്ഗം എന്ന യാഥാർത്ഥ്യത്തിന്റെ അസ്ഥിത്വത്തിലേക്ക് വിരൽ ചൂണ്ടുന്ന നിങ്ങൾക്കറിയാവുന്ന എന്തെങ്കിലും പ്രവർത്തനങ്ങൾ കുട്ടികളെ കാണിച്ചു കൊടുക്കണം.
* സ്വർഗ്ഗ സൗഭാഗ്യ നറുക്കെടുപ്പ് പ്രവർത്തനം ചെയ്യിക്കുക.

  സ്വർഗ്ഗസൗഭാഗ്യത്തെക്കുറിച്ചുള്ള സഭയുടെ പ്രബോധനങ്ങൾ എന്നതിലെ കൗൺസിലുകളുടെയും പാപ്പമ്മാരുടെയും പേരുകളും എഴുതിയ നറുക്കുകളും സൗഭാഗ്യപൂർണ്ണമായ മരണത്തിനുള്ള മാർഗങ്ങൾ എഴുതിയ നറുക്കുകളും അവയോടൊപ്പം 8 ശൂന്യമായ നറുക്കുകളും അടങ്ങുന്ന ഡപ്പിയിൽ നിന്ന് ഓരോരുത്തർ ഓരോന്നെടുത്ത് പാസ് ചെയ്യുന്നു. എല്ലാവരും എടുത്തുകഴിയുമ്പോൾ ഓരോ ഗ്രൂപ്പിനും കിട്ടിയിട്ടുള്ള നറുക്കുകളുടെ എണ്ണം, അത്രയും പോയിന്റുകൾ ആ ഗ്രൂപ്പിന് ലഭിക്കുന്നു, തുടർന്ന് എഴുത്തുള്ള നറുക്കുകൾ ലഭിച്ചവർ അതിൽ രേഖപ്പെടുത്തിയിരിക്കുന്ന കൗൺസിലുകളോ പാപ്പമ്മാരോ പറഞ്ഞിരിക്കുന്ന ഭാഗം പുസ്തകത്തിൽനിന്ന് എല്ലാവരും കേൾക്കെ വായിക്കണം. എല്ലാവരും വായിച്ചു കഴിയുമ്പോൾ വീണ്ടു നറുക്കിട്ട് കളി തുടരുന്നു. രണ്ടുമൂന്ന് ആവർത്തി കഴിഞ്ഞ് കളി നിർത്താവുന്നതാണ്.

## പ്രാർത്ഥന

കർത്താവായ ദൈവമേ, സ്വർഗവും നരകവും ശുദ്ധീകരണസ്ഥലവും അന്ത്യവിധിയും ഉണ്ടെന്ന വസ്തുതകൾ അംഗീകരിക്കുവാനും, മരണം നിത്യതയിലേക്കുള്ള കവാടമാണെന്ന് വിശ്വസിച്ചുകൊണ്ട് പുണ്യപൂർണ്ണമായ ജീവിതം നയിക്കുവാനുള്ള അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ. ആമ്മേൻ.

## ചോദ്യങ്ങൾ (Assignment)

1. ഗുരുതരാവസ്ഥയിൽ കഴിയുന്ന രോഗികളെ ശുശ്രൂഷിക്കുന്ന ആതുരാലയങ്ങൾ എന്നിവ സന്ദർശിച്ച് അവരെ ശുശ്രൂഷിക്കുന്നവരും ആയിട്ട് ഒരു അഭിമുഖം തയ്യാറാക്കുക.
2. എങ്ങനെയാണ് ശുദ്ധീകരണാത്മാക്കളെ സഹായിക്കാൻ കഴിയുക?